## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :397** **29.06.2015 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് സൗരോർജ്ജ മേഖലയിൽ ഈ സർക്കാർ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിനായി 10000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് പദ്ധതി എന്നീ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു.. സംസ്ഥാനത്തിന്റെ സ്ഥാപിത ശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2012-13 ൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി വഴി നിലവിൽ 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.<br>2014-15 ൽ ആരംഭിച്ച സോളാർ കണക്ട് പദ്ധതിയുടെ ലക്ഷ്യം 12 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനു പുറമെ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് അനെർട്ടിന്റെ നേതൃത്വത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.<br>കൂടാതെ ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴിയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ സ്വന്തം നിലയിൽ സൗരോർജ്ജ സംവിധാനങ്ങൾ വീടുകളിൽ സ്ഥാപിക്കുമ്പോൾ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ? | (ബി) ഗാർഹിക വൈദ്യുതോത്പാദനം ലക്ഷ്യമിട്ട് അനെർട്ട് 10000 റൂഫ് ടോപ്പ് പദ്ധതി നടപ്പിലാക്കി വരുകയും, നിലവിൽ 7000 മേൽക്കൂരകളിൽ ഇതു സ്ഥാപിക്കുകയും ചെയ്തു. പദ്ധതിയിൽ അംഗമാകുന്ന |

ഉപഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ 53,262/- രൂപയും സംസ്ഥാന സർക്കാർ 39,000 രൂപയും ധനസഹായമായി നൽകി വരുന്നു.

മറ്റൊരു പദ്ധതിയായ സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുത പദ്ധതിയിൽ ഒരു കിലോവാട്ടിന് കേന്ദ്ര സർക്കാർ 24000/- രൂപയും സംസ്ഥാന സർക്കാർ 10000/- രൂപയും ധനസഹായമായി നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ പ്ലാന്റുകൾക്ക് ജനറേഷൻ ബെയ്സ്ഡ് ഇൻസെന്റീവ് പദ്ധതി (GBI) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചു വർഷത്തേക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിക്കുന്നതു വരെയോ കരാർ പ്രകാരമുള്ള (RPO) സൗരോർജ്ജം സ്വന്തമായി ഉത്പാദിപ്പിക്കു-ന്നതുവരെയോ, ഇൻസെന്റീവ് നൽകുന്നതാണ്

സെക്ഷൻ ഓഫീസർ

ന.ക്ഷ.ചോ.നം. 397

## അനുബന്ധം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൌരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൌണ്ടട് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| | കക്കയം സോളാർ ഫ്ലോട്ടിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-I | 0.5 |
| | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-II | 2.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൌരോർജ്ജ പ്ലാന്റുകൾ | 3.25 |
| 13 | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൌരോർജ്ജ പദ്ധതി | 2 |
| | ആകെ | 15.05206 |

**II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര പദ്ധതികൾ**

| സോളാർ പദ്ധതി | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
| A. | ഉപഭോക്താക്കൾ വഴി സ്ഥാപിക്കുന്ന ചെറിയ ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് പദ്ധതികൾ | |
| 1. | സൌരവൈദ്യുത ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10.06.2014 Grid Interactive Distributed Solar Energy System എന്ന പേരിൽ ഒരു റഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്തെ എല്ലാതരം LT / HT ഉപഭോക്താക്കളുടേയും സൌരോർജ്ജ പാനലുകൾ അവർ അപേക്ഷിക്കുന്ന മുറയ്ക്ക് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. CEA-യുടെ 2013-ലെ Technical Standards of connectivity for Distributed Generation Resource Regulation അനുസരിച്ചാണ് ഇത്തരം വൈദ്യുതി ഉല്പാദന സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടത്. EHT ഉപഭോക്താക്കൾക്ക് പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കാവുന്ന പദ്ധതികൾ അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഉപഭോക്താക്കളിൽ നിന്നായി 154 കിലോവാട്ട്സ് സൌരോർജ്ജ പാനലുകൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | |
| B | ഉയർന്ന ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് പദ്ധതികൾ | |
| 1 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി | 50 |
| 2 | കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ SECI-യുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതി | 200 |
| | ആകെ | 250 |

സെക്ഷൻ ഓഫീസർ